# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/08/2022.

1. സംസ്ഥാന കർഷക ദിനാഘോഷത്തിന്റെയും കൃഷിമന്ത്രി കർഷകരെ നേരിട്ട് കാണാൻ ബ്ലോക്ക് തലം കേന്ദ്രീകരിച്ച് കൃഷിഭൂമിയിൽ എത്തുന്ന **കൃഷിദർശൻ** പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും കർഷക അവാർഡ് വിതരണത്തിന്റെയും ഒരു ലക്ഷം കാർഷിക പ്രവർത്തനങ്ങളുടെ പ്രഖ്യാപനവും ആഗസ്റ്റ് 17-ന് തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ചടങ്ങിന് അദ്ധ്യക്ഷത വഹിക്കും.

2. മാണിക്കൽ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷക ദിനാചരണം ഈ മാസം 17-ന് (ആഗസ്റ്റ് 17) രാവിലെ 10.30-ന് മാണിക്കൽ ഗ്രാമപഞ്ചായത്ത് ഹാൾ പിരപ്പൻകോട് വച്ച് ഭക്ഷ്യ വിഭവ വകുപ്പ് മന്ത്രി ജി.ആർ. അനിൽ നിർവഹിക്കും. ഇതിനോടനുബന്ധിച്ച് മികച്ച കർഷകരെ ആദരിക്കൽ, കർഷകർക്കുള്ള അവാർഡ് ദാനം, വിളംബര ജാഥ, ഓരോ വാർഡുകളിലും ആറു കൃഷിയിടങ്ങളിൽ പുതുകൃഷി ആരംഭം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

3. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്ലാവ്, മാവ്, റമ്പൂട്ടാൻ, സപ്പോട്ട എന്നിവയുടെ ബഡ് തൈകൾ, സീഡ്ലെസ് നാരകം, മാങ്കോസ്റ്റീൻ, കവുങ്ങ്, അകത്തി, പച്ചക്കറി ഇനങ്ങളായ വഴുതന, വെണ്ട, തക്കാളി, പയർ എന്നിവയുടെ തൈകൾ വിൽപനയ്ക്ക് തയ്യാറായിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് സീനിയർ സയന്റിസ്റ്റ് ആൻഡ് ഹെഡ്, ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, പത്തനംതിട്ട എന്ന മേൽവിലാസത്തിലോ **0469 2661821 (എക്സ്റ്റൻഷൻ 214), 8078572094** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

5. സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ്

നൽകുന്നു. പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ളവർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0477 2236294** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ വെച്ച് **മൂല്യവർദ്ധിത പാലുല്പ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഈ മാസം 19,20 (ആഗസ്റ്റ് 19, 20) തീയതികളിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0487–2370773, 9249850885** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാല സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് കർഷകർക്കായി **'കാർഷിക സംരംഭകത്വ സാധ്യതകൾ'** എന്ന വിഷയത്തിൽ ആഗസ്റ്റ് 17-ന് കർഷക ഭവനം, വെള്ളാനിക്കരയിൽ വച്ച് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

8. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ആഗസ്റ്റ് 19-ന് 2.30 മുതൽ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന പരിശീലന കേന്ദ്രത്തിൽ ഈ മാസം (ആഗസ്റ്റ്) **24,25 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 26-ന് കാടവളർത്തൽ, 29,30 തീയതികളിൽ പശുവളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479–2457778, 0479–2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

10. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- പച്ചക്കറി വിളകളിലെ മഴക്കാല ജന്യ കുമിൾ രോഗങ്ങളായ മൂടുചീയൽ, തൈചീയൽ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലായി രണ്ടാഴ്ച ഇടവേളകളിലായി സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയ ലായനി ഇലകളിൽ തളിക്കുകയും, വിത്ത്/തൈകൾ എന്നിവ നടുമ്പോൾ ലായനിയിൽ മുക്കി വെച്ച ശേഷം നടുകയും ചെയ്യുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം ചുവട്ടിൽ നൽകുന്നത് രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്യും.

- രോഗങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഒരു ശതമാനം (1%) ബോർഡോ മിശ്രിതം അല്ലെങ്കിൽ 3 ഗ്രാം കോപ്പർഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുകയും ചെയ്യാവുന്നതാണ്.

- മരുന്ന് തളി തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം അനുവർത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. മഴക്കാലത്ത് മരുന്ന് തളിക്കേണ്ടി വരുന്ന സാഹചര്യത്തിൽ മരുന്നിനൊപ്പം ഏതെങ്കിലും തരത്തിലുള്ള പശ (റോസിൻ, സാൻഡോ വിറ്റ് തുടങ്ങിയവ) ചേർക്കാവുന്നതാണ്.

- വെള്ളരി വർഗ വിളകളിൽ കോപ്പർ കലർന്ന മരുന്ന് തളിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്ക് **9446093329, 9778764946** , എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം